


# കഥകൾ

## സന്തോഷ് ഏച്ചിക്കാനം

dcb

8M3.01 SAN/K
CASMTKM BK
430

College Of Avian Sciences & Management
LIBRARY

## സന്തോഷ് ഏച്ചിക്കാനം

കാസറഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ 1971-ൽ ജനിച്ചു. കെ. ശ്യാമള, എ.സി. ചന്ദ്രൻനായർ എന്നിവർ മാതാപിതാക്കൾ. മലയാളത്തിലും വിദ്യാഭ്യാസത്തിലും ബിരുദം. ജേർണലിസം പി.ജി. ഡിപ്ലോമ. കേരള സാഹിത്യ അക്കാദമി അവാർഡ് (2008), കാരൂർ ജന്മശതാബ്ദി അവാർഡ്, പ്രവാസി ബഷീർ പുരസ്കാരം, അബുദാബി ശക്തി അവാർഡ്, ചെറുകാട് അവാർഡ്, വി.പി. ശിവകുമാർ കേളി അവാർഡ്, പത്മരാജൻ പുരസ്കാരം, തോമസ് മുണ്ടശ്ശേരി കഥാപുരസ്കാരം, ഡൽഹി കഥാ അവാർഡ്, സംസ്ഥാന ലൈബ്രറി കൗൺസിൽ പ്രഥമ സാഹിത്യപുരസ്കാരം തുടങ്ങി ഒട്ടേറെ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഭാര്യ: ജൽസാ മേനോൻ. മകൻ: മഹാദേവൻ.

സന്തോഷ് ഏച്ചിക്കാനത്തിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കഥ*
കൊമാല
നരനായും പറവയായും
കഥകൾ-സന്തോഷ് ഏച്ചിക്കാനം
കഥാപാത്രങ്ങളും പങ്കെടുത്തവരും

*ഓർമ്മ*
മലബാർ വിസിലിങ് ത്രഷ്

സന്തോഷ് ഏച്ചിക്കാനം

# കഥകൾ

College Of Avian Sciences & Management
LIBRARY

അവതാരിക
പി.കെ. രാജശേഖരൻ

ഡി സി ബുക്സ്

College Of Avian Sciences & Management
LIBRARY
430
KVASU Thiruvazhamkunnu-678 601

MALAYALAM LANGUAGE

Kathakal
LITERATURE/STORIES
*by* Santhosh Echikkanam

Rights Reserved

First Published February 2012
4th impression November 2014

PUBLISHERS
D C BOOKS, KOTTAYAM 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-mail: customercare@dcbooks.com
Customercare: 9846133336
e-book version of this title is available at www.thewinkstore.com

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Santhosh Echikkanam
Kathakal/Santhosh Echikkanam
288p., 21cm.
ISBN 978-81-264-3468-8
1. Malayalam stories I. Title
8M3.01*-dc22
**(This is local variation of DDC number for malayalam literature: Kathakal)*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-3468-8

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 210.00

733/14-15-Sl.No. 14109-dcb 5049-(4)2000-6340-12-14-Spb. 18.1-p pk-r (t)ar-d (t)sc

## ആമുഖം

ആദ്യമായി ഒരു എഴുത്തുകാരനെ കണ്ടുമുട്ടുമ്പോൾ എനിക്ക് എട്ടു വയസ്സായിരുന്നു. മുതുകു വളഞ്ഞ് ശോഷിച്ച് ഇടതു ഭാഗത്തേക്ക് കോടി വികൃതമായ ചുണ്ടും കുറ്റിത്തലമുടിയും വള്ളിച്ചെരിപ്പും കയ്യിൽ വെള്ളിയുടെ ഒരു മുദ്ര വളയുമായി അധികം ആരോടും സംസാരിക്കാതെ ഗ്രാമത്തിലൂടെ അയാൾ നടന്നു പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. താൻ എഴുതുന്നതെന്തും ഒരു കടലാസിലേക്ക് പകർത്തി ദിവസവും രാവിലെ അയാൾ പട്ടഷാപ്പിന്റെ നിരപ്പലകയിൽ ഒട്ടിച്ചു വെക്കുമായിരുന്നു. ഒന്നു രണ്ട് അനാദി കടകളും മദ്യശാലയും പോരുനടക്കാറുള്ള ഒരു കോഴിക്കളവും മാത്രമുള്ള ആ ചെറിയ കവലയിൽ ആരെങ്കിലും ഒരാൾ വന്ന് തന്റെ സങ്കടങ്ങൾ കൂട്ടി വായിക്കുമെന്ന് ആ എഴുത്തുകാരൻ പ്രതീക്ഷിച്ചിട്ടുണ്ടാവണം. നിർഭാഗ്യമെന്നു പറയട്ടെ, രാവിലെ ഷാപ്പുകാരൻ കടയുടെ മരപ്പലകകൾ ഓരോന്നായി മാറ്റുകയും രാത്രി പതിവുകാരെല്ലാം ഒഴിഞ്ഞു കഴിയുമ്പോൾ അവ യഥാസ്ഥാനത്ത് നിരത്തിവെച്ച് വലിയ താഴിട്ട് പൂട്ടുകയും ചെയ്തു. ഇതുമൂലം ഷാപ്പുകാരനൊഴികെ രണ്ടാമതൊരാൾ വായിക്കുകയോ കാണുകയോ ചെയ്തില്ല. പക്ഷേ, കേവലം ഒരു വായനക്കാരൻപോലും ഇല്ലെന്നറിഞ്ഞുകൊണ്ടുതന്നെ ആ എഴുത്തുകാരൻ മരപ്പലകമേൽ മുടങ്ങാതെ തന്റെ കടമ നിർവ്വഹിച്ചുകൊണ്ടിരുന്നു.

പ്രശസ്തിക്കും പുരസ്ക്കാരങ്ങൾക്കും എന്തിനേറെ, അനുവാചകനുമപ്പുറത്ത് എഴുത്ത് ഒരു ചരിത്രദൗത്യമാണെന്ന് എന്നെ പഠിപ്പിച്ചത് ഈ മനുഷ്യനാണ്.

മനുഷ്യാവസ്ഥയുടെ വിട്ടുപോയ ഭാഗങ്ങൾ ഓരോ എഴുത്തുകാരനും സ്വന്തം ഉത്തരങ്ങളാൽ പൂരിപ്പിച്ചുകൊണ്ടിരിക്കുന്നു. ആരെഴുതുന്നു എന്നല്ല, എന്തെഴുതുന്നു എന്നതാണ് എഴുത്തു മുന്നോട്ടു വെക്കുന്ന ഏറ്റവും വലിയ വെല്ലുവിളി.

വളരെ തീക്ഷ്ണമായ കാലാവസ്ഥയിൽ നിന്നുകൊണ്ട് ഞാനെഴുതിയ ഈ സമാഹാരത്തിലെ ഓരോ കഥയ്ക്കും ഈ വെല്ലുവിളിയെ നേരിടേണ്ടി വന്നിട്ടുണ്ട്.

**സന്തോഷ് ഏച്ചിക്കാനം**

മരിക്കുന്ന നിമിഷത്തിൽ വിശ്വൻ കൊമാലയിൽനിന്ന് ജീവിതത്തിലേക്കു മടങ്ങുന്നു. ആ ചെറുപ്പക്കാരനു നല്കിയ രണ്ടു തുള്ളി വെള്ളമായിരുന്നു തന്റെ കടമെന്നും അതു വീട്ടിക്കഴിഞ്ഞുവെന്നും തിരിച്ചറിഞ്ഞ വിശ്വൻ വീടിനുമുന്നിൽ എഴുതിവച്ച അസംബന്ധമായ ആത്മഹത്യാബോർഡ് മാറ്റാൻ തീരുമാനിക്കുന്നു.

'പെദ്രോ പാരമോ'യെയും അതിലെ പരേതരുടെ ഗ്രാമമായ കൊമാലയെയും കുറിച്ചുള്ള സൂചനകളാണ് സന്തോഷിന്റെ കഥയെ സാമാന്യത്തിൽനിന്ന് വിശേഷത്തിലേക്ക് ഉയർത്തുന്നത്. ആധുനിക ലോകസാഹിത്യത്തിലെ ക്ലാസിക്കുകളിലൊന്നാണ് എന്നു കണ്ണടച്ചു പറയുന്ന 'പെദ്രോ പാരമോ'യിലെ ഹുവാൻ പ്രസിയാദോ നടത്തുന്ന കൊമാലയാത്ര നരകത്തിലേക്കുള്ള ബഹുസ്വരയാത്രയാണെന്ന് സൂസൻ സൊൻ്റാഗിന്റെ ഒരു നിരീക്ഷണമുണ്ട്. ഭൂതത്തിലേക്കും വർത്തമാനത്തിലേക്കും മാറിമാറി വീഴുന്ന ആഖ്യാതസ്വരങ്ങളെയാണ് സൊൻ്റാഗ് സൂചിപ്പിച്ചത്. അതിലൂടെ കൊമാലയുടെ മനുഷ്യർ ജീവിച്ചിരുന്ന ഭൂതകാലവും എല്ലാവരും മരിച്ചുകഴിഞ്ഞ വർത്തമാനകാലവും നോവലിൽ ആവിഷ്കൃതമാവുന്നു. പരേതാത്മാക്കൾ മാത്രമുള്ള ഗ്രാമത്തിലേക്കാണ് എത്തിച്ചേരുന്നത്. പാരമോ എന്ന സ്പാനിഷ് പദത്തിന് അർത്ഥം ജനശൂന്യമായ തരിശുനിലം എന്നാണ്. സന്തോഷിന്റെ കൊമാല തരിശല്ല. എന്നാൽ അനുനിമിഷം നാമാകെ കൊമാലയിലേക്കു നീങ്ങിച്ചെന്നുകൊണ്ടിരിക്കുകയാണെന്ന് കഥയിലെ സംഭവങ്ങൾ ഓർമ്മിപ്പിക്കുന്നു. ബൈക്കപകടം കണ്ടിട്ടും ഉദാസീനരായി ഇരിക്കുന്ന മനുഷ്യരെപ്പറ്റി വിശ്വൻ സ്വയം ചോദിക്കുന്നു: "മരണത്തിന്റെ പുഴു അവരുടെ ഉള്ളിലെ ഇലകൾ മുഴുവൻ തിന്നുതീർത്തിരിക്കുമോ?" കുണ്ടൂർ വിശ്വൻ എന്ന പേരിൽത്തന്നെ സന്തോഷിന്റെ ലോകദർശനമുണ്ട്. കുണ്ടും വിശ്വവും. 'ഉഭയജീവിത'ത്തിൽ പറയുന്നതുപോലെ 'ഇതൊരു കുഴിയാണ്, നാം പെട്ടുപോയ കുഴി.' ആ കുഴിയിൽ അകപ്പെട്ടു കിടക്കുന്ന വിശ്വമാണ് കൊമാല. റൂൾഫോയുടെ നോവലിലേതുപോലെ അതൊരു ഭൂപ്രകൃതിയല്ല, നമുക്കുള്ളിൽ നാംതന്നെ ചുമക്കുന്ന നരകമാണ്. നാംതന്നെ സൃഷ്ടിച്ച നരകം. റൂൾഫോയെ അങ്ങനെയാണ് സന്തോഷ് മാറ്റിയെഴുതുന്നത്.

'ഉച്ച-ഒരാൾക്കണ്ണാടി' എന്ന കഥ അവസാനിപ്പിച്ചുകൊണ്ട് സന്തോഷ് ഇങ്ങനെയെഴുതുന്നു: "ജീവിതനേട്ടങ്ങളിലും നഷ്ടങ്ങളിലും ഒരേ പ്രതിബിംബം കാണിക്കുന്ന ഈ കണ്ണാടിക്കരികിലൂടെ എനിക്കിത്തിരി ദൂരം കൂടി നടക്കാനുണ്ട്. ഇത്തരം ആൾക്കണ്ണാടികളാണല്ലോ ഓരോ മരണത്തിൽ നിന്നും മനുഷ്യരെ വിളിച്ചുണർത്തിക്കൊണ്ടിരിക്കുന്നത്." കഥ അത്തരമൊരു കണ്ണാടിയാണ് സന്തോഷിന്. എന്നാൽ അതു റിയലിസത്തിലെ കണ്ണാടിയല്ല. ജീവിതത്തെയും യാഥാർഥ്യത്തെയും വക്രീകരിക്കുകയും വിലക്ഷണീകരിക്കുകയും ചെയ്ത് എഴുത്തിനെ ഭാഷയിലെ അതിജീവനമാക്കി മാറ്റുന്ന കണ്ണാടിയാണ്. അത് മാറ്റിയെഴുത്തും പുനരെഴുത്തുമാണ്. ഒരു നുറുങ്ങിൽപ്പോലും ജീവിതത്തെയും മരണത്തെയും അയഥാർഥങ്ങളിലേക്കും നാട്യങ്ങളിലേക്കും വെട്ടിച്ചുരുക്കാത്ത ആഖ്യാനത്തിന്റെ ഈ ആൾക്കണ്ണാടി സമകാലിക ചെറുകഥയെ ജീവിതത്തിലേക്കും ജീവനിലേക്കും വിളിച്ചുണർത്തുന്നു.



# ഉള്ളടക്കം


| | |
|---|---|
| വംശാവലി | 15 |
| മഞ്ഞുമനുഷ്യർ | 22 |
| ചരിഞ്ഞ സുഷിരങ്ങൾ | 30 |
| ക്രീഡാലോലം | 37 |
| കാലാൾ | 45 |
| പാഠ(Text)നിർമിതി | 52 |
| ഖനനം | 58 |
| കഥാപാത്രങ്ങളും പങ്കെടുത്തവരും | 62 |
| കലശം | 70 |
| കുമ്പളപ്പൂവുകൾ | 75 |
| അബ്ബാസ് എന്ന കച്ചവടക്കാരൻ | 80 |
| പാതാളം | 87 |
| അഭിനയ മുഹൂർത്തങ്ങൾ | 89 |
| ഹാൻഡ്സെറ്റ് | 94 |
| ഉച്ച—ഒരാൾക്കണ്ണാടി | 100 |
| ഗ്രന്ഥലോകം | 106 |
| ഉപ്പുകാറ്റിന്റെ രുചി | 112 |
| തുരുമ്പ് | 114 |
| കൂവനൂറ് | 121 |
| ഒരു ചിത്രകഥയിലെ നായാട്ടുകാർ | 126 |
| തിരോഭൂതർക്ക് ഒരധ്യായം | 133 |
| റോഡിൽ പാലിക്കേണ്ട നിയമങ്ങൾ | 139 |
| ഒരു പരാതിയെഴുത്തുകാരന്റെ മാനസികസംഘർഷങ്ങൾ | 149 |
| കൊമാല | 155 |
| ചരമക്കോളം | 167 |
| ഇരയുടെ മണം | 170 |
| തേവി നനച്ചത്... | 177 |
| ബേബീസ് ബ്രെത്ത് | 181 |
| പന്തിഭോജനം | 189 |
| കീറ് | 197 |

ദിനോസറിന്റെ മുട്ട 202
വാർത്താശരീരം 210
ഒരു പിടി ഗോതമ്പ് 216
ഉടലുകൾ വിഭവസമൃദ്ധിയിൽ 220
അരൂപികൾ 228
പഴയ മരങ്ങൾ 234
നാം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ 238
ഒറ്റവാതിൽ 245
ഉഭയജീവിതം 251
അഭയാർത്ഥികളുടെ നേരം 259
നിലാവിന്റെ മക്കൾ 264
ചുണ്ട 267
കോട്ട കാണുന്നു 273
മൂന്നാമത്തെ കൈ 281

# വംശാവലി

വളരെ കാലത്തിനുശേഷം അവർ, ഇന്നു വൈകുന്നേരം നാലുമണിക്ക് പോസ്റ്റ്ഓഫീസിനു മുന്നിലെ മരച്ചുവട്ടിൽ വിസ്മയകരമായ ഒരു കൂടിക്കാഴ്ച നടത്തും.

രാവിലെ ഫോണിലൂടെ വന്ന നിയാസിന്റെ ശബ്ദം പണ്ട് കാട്ടുവഴിയിൽ നിന്നും ചങ്ങാത്തംകൂടിയ നിരവധി പക്ഷികളുടെയും അണ്ണാർക്കണ്ണന്റെയും രൂപങ്ങൾ അജിത്തിന്റെ മനസ്സിലേക്കു കൊണ്ടുവന്നു.

തോളിൽ കേരളപാഠാവലിവെച്ച ഹൃദയം വേലൻകുന്നിനു നേരെ നിന്നു ചൂളം വിളിച്ചു. ശബ്ദം കുന്നിൽ ഇതളിതളുകളായി പ്രതിധ്വനിച്ചു.

വഴിയെ അറിയുമ്പോഴാണ് കാലുകൾ കാലുകളാകുന്നത്. അജിത്ത് പൂമുഖത്തിരുന്ന് ഉച്ചമയക്കത്തിലേക്കു പാദമൂന്നി. ഹവായ്ക്കുമേൽ കാലുകൾക്ക് എന്തൊരു മാർദ്ദവമാണ്. അവ വഴികളെ മറന്നുപോയിരിക്കുന്നു.

എന്നാൽ നിയാസിന്റെ ശബ്ദം ഓർമ്മയെ ഒരു വെള്ളാരംകല്ലെന്നപോലെ മുങ്ങിയെടുത്തു നീട്ടിയെറിഞ്ഞിരിക്കുന്നു. ഏതു പൊന്തയിലാണതു വീണത്? ഞെട്ടിപ്പറന്നത് എരണ്ടയോ ഇരട്ടത്തലച്ചിയോ? നിഴൽച്ചില്ലകൾക്കു കീഴിലൂടെ ഓടിവരുന്നത് ആരൊക്കെയാണ്? സജയ്‌ലാൽ... വിപിൻ... നിയാസ്... ഏറ്റവും മുമ്പിൽ കുഞ്ഞിഷ്ണൻ മാഷ്. മല്ലുമുണ്ടും പരുത്തിക്കുപ്പായവും.

കമ്പണ്ടിയുടെ താളിലയിൽ ഒരു വെളിച്ചത്തുള്ളിയെ ഉരുട്ടിയെടുത്ത് മരങ്ങളുടെ സ്വഭാവവ്യതിയാനങ്ങൾ തൊട്ടുകാണിക്കുകയാണ് മാഷ്. മാഷ് പൊക്കിയെടുത്ത ഈർപ്പംമാറാത്ത കരിയിലയ്ക്കടിയിൽ പ്രകൃതിയുടെ സ്വകാര്യശേഖരം ചെറുപ്രാണികളായി അപാരമായ ജീവിതത്തിലേക്കു സ്പന്ദിക്കുന്നത് ഞങ്ങൾ കാണുന്നു.

റിസീവറിൽ സജയ്‌ലാലാണ്. വിപിൻ വിളിച്ചിരുന്നുവത്രെ. അവൻ കൃത്യസമയത്ത് തപാലാപ്പീസിനടുത്തെത്തും. സജയ്‌ലാലിന്റെ ശബ്ദത്തിൽ ഒരു ഗാഢാശ്ലേഷമുണ്ട്.

ഡ്രസ്സ് മാറി പൂമുഖത്തു വന്നു. അച്ഛന്റെ ചാരുകസേരയ്ക്കടുത്ത് കണ്ണടവെച്ച ഒരു മധ്യവയസ്കൻ. മനസ്സിലായില്ലല്ലോ എന്നമട്ടിൽ അയാൾ അജിത്തിനെ നോക്കി. അച്ഛൻ കൂട്ടുകാരന്റെ നെറ്റിയിലെ ആഴത്തിലുള്ള ചുളിവുകൾക്കു മേൽ ഉറക്കെ ചിരിച്ചു. 'ഗംഗാധരന് പിടികിട്ടീല്യേ...?... ന്റെ എളയ മോൻ. കമ്പ്യൂട്ടർ എഞ്ചിനീയർ, സ്റ്റേറ്റ്സിൽ സെറ്റിൽഡാണ്.' അമേരിക്ക എന്നു കേട്ടതും ആ മൂന്നാം ലോക രാജ്യക്കാരൻ ആദരവോടെ എഴുന്നേറ്റു.

അയാൾ പറഞ്ഞു: "സത്യം പറയാല്ലോ, ഇങ്ങനൊരാള്... ന്റെ മനസ്സില്ണ്ടായിരുന്നീലാട്ടോ?"

യുവാവ് പിന്നെയൊന്നും പറയാതെ തലമുടിയിൽ വിരലിട്ടു തിരിച്ചു കൊണ്ട് സാവകാശം പുറത്തിറങ്ങി. അവൻ മറന്നു വെച്ച പനയോലക്കെട്ടുമായി ഞാൻ പിറകേ നടന്നു. എത്ര കൂവി വിളിച്ചിട്ടും യുവാവ് തിരിഞ്ഞു നോക്കിയില്ല.

നിരത്തിലൂടെ ഒഴുകുന്ന അനേകായിരങ്ങളുടെ ശരീരങ്ങളിൽ ചാലിടുന്ന ഒരു തുള്ളി വിയർപ്പുപോലെ അയാളും ഒരു ചാൽ ഒഴുകി പിന്നെ അപ്രത്യക്ഷമായി.

എനിക്കു പിറകിൽ കമ്പനി പ്രോസ്പെക്റ്റസിന്റെ ഒരു കനത്ത കെട്ടുമായി പൊട്ടിച്ചിരിയോടെ ഹക്കിം പ്രത്യക്ഷപ്പെട്ടു. കെട്ട് എന്റെ കൈയിൽ തന്ന് അവൻ പറഞ്ഞു.

"മറക്കരുത് ഇന്നുതന്നെ ഡിസ്ട്രിബ്യൂട്ട് ചെയ്തേക്ക്."

ഞാനത് വാങ്ങി. ജാതകം ഹക്കീമിനു നീട്ടി.

അവൻ ഒന്നുകൂടി കുലുങ്ങിയാർത്ത് ചിരിച്ചു.

"നീ അതും കൈയിൽ വെച്ചോ. ഒരു മനുഷ്യന്റെ മൊത്തം ജീവിതം വെറുതേ കിട്ടിയതല്ലേ. കളയണ്ട കഥയെഴുതാൻ ഉപകരിക്കും."

ഞാൻ വിളർത്ത മുഖവുമായി പൊള്ളിയടർന്ന നഗരത്തിലൂടെ നടന്നു. ഹക്കിം പറഞ്ഞത് ശരിയാണ്. ഇനി നാലഞ്ച് ന്യൂസ്പ്രിന്റും പേനയുമുണ്ടെങ്കിൽ വാടകമുറിയുടെ ജനാലയ്ക്ക് താഴെയിരുന്ന് ഈ ദിവസത്തെ സംഭവങ്ങൾ വെച്ച് എനിക്കൊരു കഥയുണ്ടാക്കാം. പക്ഷേ ഒരു കൈയിൽ കമ്പനി പ്രോസ്പെക്റ്റസും മറുകൈയിൽ അപരിചിതന്റെ ജാതകവും ചുമക്കേണ്ടി വരുമ്പോൾ ഏതു കൈകൊണ്ടത് പൂർത്തിയാക്കും...?


College Of Avian Sciences & Management
LIBRARY
430
KVASU Thiruvazhamkunnu-678 601



സന്തോഷ് ഏച്ചിക്കാനത്തിന്റെ രചനാലോകം



കൊമാല



മലബാർ വിസിലിങ് ത്രഷ്



നരനായും പറവയായും

8M3.01 SAN/K
CASMTKM BK
430

ഏറ്റവും പുതിയ സാംസ്കാരിക വാർത്തകൾക്ക്
www.dcbooks.com

പുസ്തകശാല നിങ്ങളുടെ വിരൽത്തുമ്പിൽ
www.onlinestore.dcbooks.com

പുസ്തകവാർത്തകൾ നിങ്ങളെ തേടിവരും ലൈക്ക് ചെയ്യൂ
/dcbooks

എപ്പോഴും നിങ്ങളോടൊപ്പം
9846133336
customercare@dcbooks.com
www.support.dcbooks.com

# കഥകൾ

## സന്തോഷ് ഏച്ചിക്കാനം

"പാരമ്പര്യത്തിന്റെ കിണറിലെ അസഹ്യമായ ഇരുട്ടിൽനിന്ന് അനന്ത ദൂരങ്ങളും സ്വാതന്ത്ര്യവുമുള്ള ഒരു ശരത്കാലത്തിലേക്കു സ്വയം വിമോചിപ്പിക്കാനും എഴുത്തിലൂടെ അതിജീവിക്കാനുമുള്ള യുവ തലമുറയുടെ സാഹിത്യചരിത്രപരമായ ഇച്ഛയാണ് മലയാളത്തിലെ ഉത്തരാധുനികഭാവുകത്വത്തെ രൂപപ്പെടുത്തിയത്. ജീവിതത്തിലെ അതിജീവനത്തെക്കാൾ കഥപറച്ചിലിലെ അതിജീവനത്തെക്കുറിച്ചുള്ള ആ വേവലാതിയാണ് പിന്നീട് സന്തോഷിന്റെ കഥകളെ ഉത്തരാധുനിക ചെറുകഥയുടെ അടയാളവാക്യങ്ങളാക്കി മാറ്റിയത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ആധുനികതാ പാരമ്പര്യത്തിന്റെ കാന്തികമണ്ഡലത്തിനു പുറത്ത് രൂപപ്പെട്ടുവന്ന പുതിയ ചെറുകഥാഭാവുകത്വത്തിന്റെ ഉടലും ഉയിരുമാണ് സന്തോഷിന്റെ രചനകളിൽ നാം വായിക്കുന്നത്."

-പി. കെ. രാജശേഖരൻ


കവർ ഫോട്ടോ: ഉണ്ണി ആർ
കവർ ഡിസൈൻ: അംബീഷ്കുമാർ

ഡിസി ബുക്സ്
www.dcbooks.com

9 788126 434688 00004

കഥ | E-book available | ₹ 210